# കരിവെള്ളൂർ-പെരളം ഗ്രാമ പഞ്ചായത്ത്

## ബജറ്റ്

# 2026-27

അവതരണം

സുധാമണി പി കെ

വൈസ് പ്രസിഡണ്ട്

കരിവെള്ളൂർ-പെരളം ഗ്രാമ പഞ്ചായത്ത്

# ആമുഖപ്രസംഗം

1996ൽ ആരംഭിച്ച ജനകീയാസൂത്രണ പരിപാടി ഇന്ന് രാജ്യത്തിനാകെ മാതൃകയാണ്. കഴിഞ്ഞ മുപ്പതാണ്ടുകൾ കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക-സേവന മേഖലയിലുണ്ടാക്കിയ നേട്ടങ്ങൾ നിസ്തുലമാണ്. കാലഘട്ടത്തിന്റെ പ്രത്യേകതകൾ ഉൾക്കൊണ്ട് നാളെയുടെ പ്രതീക്ഷകൾക്ക് പുതിയ രൂപവും ഭാവവും നൽകാൻ നമുക്ക് സാധിക്കണം. ജനങ്ങളുമായി ഏറ്റവും അടുത്ത് നിൽക്കുന്ന ഭരണസംവിധാനമാണ് പ്രാദേശിക സർക്കാരുകൾ. അതുകൊണ്ടുതന്നെ ജനങ്ങളുടെ പ്രതീക്ഷകൾക്കൊത്തുയരാനും വളരാനും പ്രവർത്തിക്കാനും കഴിയേണ്ടതുണ്ട്. ഇത് സാധ്യമാവണമെങ്കിൽ ജനപ്രതിനിധികളും ജനകീയ സംവിധാനങ്ങളും ഉദ്യോഗസ്ഥ സംവിധാനവും കാര്യക്ഷമമായി ഒപ്പം ചേർന്ന് പ്രവർത്തിക്കണം. അതോടൊപ്പം എല്ലാ പ്രവർത്തനങ്ങളിലും ജനപങ്കാളിത്തം ഉറപ്പാക്കുകയും വേണം. ഇന്നലെകളിലൂടെ കടന്നുവന്ന വഴികളിൽ നിന്ന് മാറി പുതിയ വികസന കാഴ്ചപ്പാടുകളിലൂടെ കരിവെള്ളൂരിനെ മുന്നോട്ടു കൊണ്ടുപോവുക എന്ന വെല്ലുവിളി ഏറ്റെടുക്കാനാവണം. കരിവെള്ളൂരിന്റെ പരിമിതികളെയും സാധ്യതകളെയും കുറിച്ച് ആഴത്തിലുള്ള പഠനം അനിവാര്യമാണ്. ജീവിതത്തിന്റെ സമസ്ത മേഖലയിലും ഇടപെടുക എന്നതും എല്ലാ വിഭാഗം ജനങ്ങളുടെയും താൽപര്യങ്ങളെ മുന്നേറ്റ വഴികളിൽ ഉൾച്ചേർക്കുവാനും നമുക്ക് കഴിയേണ്ടതുണ്ട്. പുതിയ പ്രശ്നങ്ങളും വെല്ലുവിളികളും നേരിടുന്നതിന് പുതിയ രീതി ശാസ്ത്രങ്ങളും അനിവാര്യമാണ്. അതിന് ലക്ഷ്യ ബോധമുള്ള ബജറ്റ് അത്യന്താപേക്ഷിതമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി നിർവഹണത്തിൽ മാതൃകാപരവും ജനോപകാരപ്രദവുമായ നൂതന പദ്ധതികൾ ഏറ്റെടുക്കുകയും അവ വിജയകരമായി നിർവഹിച്ച് വികേന്ദ്രീകൃത ആസൂത്രണ പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം ഉണ്ടാക്കിയെടുക്കുകയും ചെയ്തതിലൂടെ സംസ്ഥാനതലത്തിലും ദേശീയതലത്തിലും കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്തിന് മുൻവർഷങ്ങളിൽ നിരവധി അംഗീകാരങ്ങൾ നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ട്. സമൂഹത്തിന്റെ ഉന്നമനത്തിനായി തുടർ

പ്രവർത്തനങ്ങൾ മികവുറ്റതാക്കുന്നതിന് ഈ ഭരണസമിതി ബാധ്യസ്ഥരാണ് എന്നത് നമ്മുടെ വികസന കാഴ്ചപ്പാടുകൾക്കും പ്രവർത്തനങ്ങൾക്കും മൂർച്ചയേകുന്നതാണ്.

ജനങ്ങളുടെ അടിസ്ഥാന ജീവിതഗുണത ഉയർത്തുന്നതിൽ അധികാര വികേന്ദ്രീകരണം വലിയ പങ്കുവഹിച്ചു. വൈദ്യുത വിതരണ ശൃംഖലകൾ, ചെറുകിട ജലസേചന ജലവിതരണ പദ്ധതികൾ, ശുചിത്വ സൗകര്യങ്ങൾ, ഗ്രാമീണ റോഡ് ശൃംഖലകൾ എന്നിവ വൻതോതിൽ വിപുലീകരിക്കപ്പെട്ടു. ജനകീയാസൂത്രണത്തോടെ ഗ്രാമപഞ്ചായത്തിന്റെ കീഴിലായ സ്കൂളുകൾ, അംഗനവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, ആശുപത്രികൾ, മൃഗസംരക്ഷണ സ്ഥാപനങ്ങൾ എന്നിവയുടെ അടിസ്ഥാന സൗകര്യങ്ങൾ ഏറെ മെച്ചപ്പെടുകയും നല്ലൊരു വിഭാഗം ആധുനികവൽക്കരിക്കപ്പെടുകയും ചെയ്തു. ഒരുകാലത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും ആശുപത്രികളും മരുന്നിനായി പുറത്തേക്ക് ശീട്ട് കുറിക്കുന്ന അവസ്ഥയിൽ നിന്ന് മരുന്നും ലാബ് പരിശോധനയും ആശുപത്രികളിൽ തന്നെ ഉറപ്പാക്കപ്പെട്ടു. മുൻഭരണസമിതിയുടെ വികസന പ്രവർത്തനങ്ങൾക്ക് നമ്മുടെ പഞ്ചായത്തിന്റെ വിവിധ മേഖലകളിലും ജനങ്ങളുടെ ജീവിതത്തിലും പുരോഗമനപരമായ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട് എന്നത് വസ്തുതയാണ്.

കഴിഞ്ഞകാല പ്രവർത്തനങ്ങളിലൂടെ കേരളം അതിദാരിദ്ര്യ മുക്ത സംസ്ഥാനമായി മാറിയിട്ടുള്ളതാണ്. 2023-24 വർഷത്തിൽ തന്നെ നമ്മുടെ പഞ്ചായത്ത് ഈ ലക്ഷ്യം കൈവരിച്ചിട്ടുള്ളതുമാണ്. എന്നാൽ "ദാരിദ്ര്യം" ഇപ്പോഴും നമ്മുടെ സമൂഹത്തിൽ വ്യാപിച്ചുകിടക്കുന്നു എന്നത് യാഥാർത്ഥ്യമാണ്. ദാരിദ്ര്യം എന്ന ശാപത്തെ തുടച്ചുനീക്കുക എന്നതായിരിക്കണം നമ്മുടെ പഞ്ചായത്ത് ഏറ്റെടുക്കുന്ന ഏതൊരു പ്രവർത്തിയുടെയും ലക്ഷ്യം. **"ദാരിദ്ര്യം എന്നത് കേവലം പട്ടിണിയുടെയോ വിശപ്പിന്റെയോ നിർവചനത്തിൽ ഒതുങ്ങുന്ന ഒന്നല്ല സുരക്ഷിതമായ പാർപ്പിടം,കുടിവെള്ളം,വൈദ്യുതി,വഴി,ആരോഗ്യം, സുരക്ഷിതത്വം, സാമൂഹ്യമായ പദവികളിൽ തുല്യത ഇല്ലാത്തത് തുടങ്ങി സാമ്പത്തികവും സാമൂഹികവുമായ അനവധി സൂചകങ്ങളാണ് ദാരിദ്ര്യത്തെ കാണിക്കുന്നത്"**. ദാരിദ്ര്യ നിർമാർജനം എന്ന ലക്ഷ്യത്തിൽ നിന്നുകൊണ്ട് ഈ വക പ്രശ്നങ്ങളിൽ സക്രിയമായി ഇടപെടാൻ ഉതകുന്ന വികസനക്ഷേമ പ്രവർത്തനങ്ങൾ, ശുചിത്വ ബോധവൽക്കരണത്തിലൂടെയും മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ നിർമ്മിച്ചും സമ്പൂർണ്ണ ശുചിത്വമുള്ള ഗ്രാമങ്ങൾ തന്നെ ഭാവിയിൽ ഉണ്ടാകുന്നതിന് ആവശ്യമായ ദീർഘകാല പദ്ധതികൾ, അതുപോലെ ഉല്പാദന മേഖല വികസിച്ചുവെങ്കിൽ മാത്രമേ ദാരിദ്ര്യം നിർമ്മാജനം ചെയ്യാൻ കഴിയൂ എന്നതിനാൽ കാർഷിക മേഖലയിലൂന്നിയ പദ്ധതി പ്രവർത്തനങ്ങൾ എന്നിവയ്ക്ക് മുൻതൂക്കം

നൽകുന്ന പദ്ധതികളാണ് ഈ ഭരണ സമിതിയുടെ കന്നി ബജറ്റിൽ വിഭാവനം ചെയ്യുന്നത്.

കാർഷിക ചെറുകിട വ്യാവസായിക മേഖലകളിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചും സ്ത്രീകൾ,കുട്ടികൾ,വൃദ്ധർ ഭിന്നശേഷിക്കാർ, പട്ടിക ജാതിക്കാർ മുതലായ ദുർബല വിഭാഗങ്ങൾക്ക് പ്രയോജനകരമായ ക്ഷേമ പ്രവർത്തനങ്ങൾ നടത്തിയും നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഇടപെട്ടും ദാരിദ്ര്യം ലഘൂകരിക്കുന്നതിനും സദ്ഭരണം കാഴ്ചവയ്ക്കുന്നതിനുമുള്ള ശ്രമങ്ങളുടെ ആരംഭമാണ് ഈ ബജറ്റ്.

വികസന സ്വപ്നങ്ങളുടെ സാക്ഷാത്ക്കാരത്തെ കുറിച്ച് അനേകം പ്രശ്നമേഖലകളാണ് നമ്മുടെ മുന്നിൽ തെളിഞ്ഞു വരുന്നത്. ഇതിനകം പൂർത്തീകരിച്ച വർക്കിങ് ഗ്രൂപ്പ് യോഗങ്ങളിൽ നിന്നും ഗ്രാമസഭകളിൽ നിന്നും നിരവധി വികസന ക്ഷേമ പദ്ധതി നിർദേശങ്ങൾ ആണ് വരുന്നത്. ഇവയെല്ലാം നടപ്പിലാക്കേണ്ടതുമാണ്. എന്നാൽ നമുക്കറിയാം കേന്ദ്ര സംസ്ഥാന സർക്കാർ ലഭ്യമാക്കുന്ന ഗ്രാന്റുകൾ നമ്മുടെ വികസന സ്വപ്ന സാക്ഷാത്കാരത്തിന് അപര്യാപ്തമാണ് എന്നത്. പിന്നീടുള്ളത് നമ്മുടെ തനത് വിഭവസ്രോതസ്സുകൾ ആണ്. എന്നാൽ കരിവെള്ളൂർ-പെരളം ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം തനത് വരുമാനം വളരെ കുറവാണ്. തനത് വരുമാന സ്രോതസ്സ് പ്രധാനമായും വസ്തു നികുതിയും കെട്ടിട പെർമിറ്റും അതുപോലെ ലൈസൻസുമാണ്. വലിയ വാണിജ്യ സ്ഥാപനങ്ങളുടെ അഭാവവും പഞ്ചായത്തിന് സ്വന്തമായി വ്യവസായ എസ്റ്റേറ്റുകളോ മറ്റ് ധനാഗമന സ്രോതസ്സുകളോ ഇല്ല എന്നതും നമ്മുടെ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് കൂച്ച് വിലങ്ങിടുന്നതാണ്. വിഭാവനം ചെയ്യുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ വിഭവസമാഹരണം നടത്തുന്നതിന് പുതിയ മാർഗ്ഗങ്ങൾ അവലംബിക്കുക എന്നതാണ് മികച്ച ധനകാര്യ മാനേജ്മെന്റിന്റെ അളവുകോൽ. പരിമിതികൾ ഏറെയുണ്ടെങ്കിലും അവയെക്കുറിച്ച് പരാതി പറഞ്ഞ് ഉത്തരവാദിത്തത്തിൽ നിന്നും ഒഴിഞ്ഞുമാറാൻ അല്ല പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ആവശ്യമായ പണം കണ്ടെത്തുന്നതിന് പുതിയ വഴികൾ തേടുവാനാണ് ഈ ഭരണസമിതി ആലോചിക്കുന്നത്. അതിനായുള്ള പദ്ധതികൾ ഈ ബജറ്റ് വിഭാവനം ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ CSR,CROWD FUNDING,സംഭാവനകൾ എന്നീ മാർഗ്ഗങ്ങളിലൂടെയും ഫണ്ട് സമാഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

വ്യക്തമായ ലക്ഷ്യബോധത്തോടെ നിലവിലുള്ള വിഭവ സ്രോതസ്സിന്റെ പരിമിതിയിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് ആവശ്യമായുള്ള പദ്ധതി നിർദ്ദേശങ്ങളും

പ്രവർത്തനങ്ങളും ലക്ഷ്യമിട്ടുകൊണ്ടുള്ള ബജറ്റ് തന്നെയായിരിക്കും ബഹുമാനപ്പെട്ട വൈസ് പ്രസിഡണ്ട് അവതരിപ്പിക്കുന്നത് എന്ന് പ്രതീക്ഷിച്ചുകൊണ്ട് എല്ലാവരെയും ഒന്നുകൂടി സ്വാഗതം ചെയ്തുകൊണ്ട് 2026-27 വർഷത്തെ ബജറ്റ് അവതരിപ്പിക്കുന്നതിനായി വൈസ് പ്രസിഡന്ററിനെ ക്ഷണിക്കുന്നു.

കരിവെള്ളൂർ

27/02/2026

രമേശൻ പി
പ്രസിഡണ്ട്
കരിവെള്ളൂർ-പെരളം ഗ്രാമ പഞ്ചായത്ത്

**കരിവെള്ളൂർ-പെരളം ഗ്രാമ പഞ്ചായത്ത് 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് സമർപ്പിക്കുന്നു.**

ബഹുമാനപ്പെട്ട അധ്യക്ഷൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ രമേശൻ പി, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ചെയർപേഴ്സൺമാർ പഞ്ചായത്ത് അംഗങ്ങൾ, ആസൂത്രണസമിതി അംഗങ്ങൾ നിർവഹണ ഉദ്യോഗസ്ഥർ ജീവനക്കാർ......

ചരിത്രത്തിന്റെ കനൽ വഴികളിൽ “കരിവെള്ളൂർ സമരം’ എന്ന വിപ്ലവഗാഥയാൽ അടയാളപ്പെടുത്തപ്പെട്ട ഈ പോരാട്ടഭൂമിയിൽ 2026 - 27 വർഷത്തേയ്ക്കുള്ള വികസന രേഖയായ ബജറ്റ് അവതരിപ്പിക്കുവാൻ സാധിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ജനകീയ ആസൂത്രണത്തിന്റെ കരുത്തിൽ താഴെത്തട്ടിൽ ഉള്ള ഓരോ മനുഷ്യന്റെയും ആവശ്യങ്ങൾ ഒരു പരിധിവരെ കണ്ടറിഞ്ഞ് തയ്യാറാക്കിയ ഒരു വികസന രൂപ രേഖയാണിത്. കഴിഞ്ഞകാലങ്ങളിൽ നാം കൈവരിച്ച നേട്ടങ്ങൾ നമുക്ക് വലിയ ആത്മവിശ്വാസം നൽകുന്നുണ്ട്. നമ്മുടെ ഗ്രാമത്തിന്റെ തനിമ കാത്തുസൂക്ഷിച്ചുകൊണ്ട് തന്നെ ആധുനിക കേരളത്തിന്റെ വികസന മാതൃകകൾക്ക് ഒപ്പം സഞ്ചരിക്കാനാണ് ഈ ഭരണ സമിതി ശ്രമിക്കുന്നത്.കഴിഞ്ഞ വർഷങ്ങളിൽ നാം നേടിയെടുത്ത സ്വരാജ് ട്രോഫിയും ദേശീയ പുരസ്കാരങ്ങളും നമ്മുടെ കൂട്ടായ പ്രവർത്തനത്തിന്റെ വിജയമാണ്. ആ നേട്ടങ്ങളുടെ തുടർച്ചയായി സമഗ്രവും സുസ്ഥിരവുമായ ഒരു വികസന കാഴ്ചപ്പാടാണ് ഈ ബജറ്റ് മുന്നോട്ട് വെക്കുന്നത്. അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങളുടെ ഫലമായി ദാരിദ്ര്യ ലഘൂകരണ പ്രവർത്തനങ്ങളിലും അടിസ്ഥാന സൗകര്യ വികസനത്തിലും ശ്രദ്ധേയമായ നേട്ടങ്ങൾ നേടാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ആധുനികവൽക്കരണം, ആഗോളവൽക്കരണം, മാറി മാറി വരുന്ന പ്രകൃതി ദുരന്തങ്ങൾ എന്നിവ നമ്മുടെ മണ്ണിനെയും മനുഷ്യനെയും മാത്രമല്ല ഒട്ടേറെ ജീവജാലങ്ങൾക്കും പരിസ്ഥിതിക്കും ഏൽപ്പിച്ച ആഘാതം ചെറുതല്ല എന്നത് നമ്മുടെ ആസൂത്രണത്തെ ഗൗരവമാക്കുന്നു. അവയ്ക്കൊന്നും കോട്ടം തട്ടാതെ ആധുനിക കാലത്ത് അനുയോജ്യമായ വിധം എങ്ങനെ വികസന പ്രവർത്തനങ്ങൾ നടത്താം എന്നതാണ് നമ്മുടെ വെല്ലുവിളി. പരിമിതമായ വിഭവങ്ങളും എണ്ണമറ്റ ആവശ്യങ്ങളുമാണ്

ആസൂത്രണത്തിന്റെ പ്രസക്തി അനിവാര്യമാക്കുന്നതെന്ന് നാം കഴിഞ്ഞ കാലങ്ങളിൽ നിന്നും തിരിച്ചറിഞ്ഞിട്ടുണ്ട്.

## വികസന കാഴ്ചപ്പാടുകൾ

### 1. കാർഷിക അഭിവൃദ്ധി

കാർഷികമേഖലയിൽ നിലനിൽക്കുന്ന ഗുരുതരമായ പ്രശ്നം നെൽവയലുകളും കരഭൂമിയും തരിശിടുന്നു എന്നതാണ്. നിരവധി പ്രശ്നങ്ങൾ ഇതിന് കാരണമായി പറയുന്നുണ്ടെങ്കിലും ഇത് സൃഷ്ടിക്കുന്ന ഭക്ഷ്യപ്രശ്നങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും വളരെ ഗുരുതരമുള്ളതാണ്. തരിശ്ശിടുന്ന പ്രവണത അവസാനിപ്പിക്കുന്നതിനായി ഒട്ടേറെ പദ്ധതികൾ കാർഷിക മേഖലയിൽ പുതുതായി പ്രഖ്യാപിക്കേണ്ടതുണ്ട്.നടീൽ വസ്തുക്കളുടെ ഉത്പാദനം മുതൽ അത് ആരംഭിക്കുന്നു. ജലസേചന സൗകര്യം കാർഷിക വിളകളുടെ സംഭരണം, വിതരണം തുടങ്ങിയ മേഖലയിലേക്ക് അവ നീളുന്നു.പച്ചക്കറികളും പഴവർഗങ്ങളും ഉത്പാദിപ്പിക്കുന്നതിന് പ്രത്യേകപരിഗണന, നെൽകൃഷിയിൽ സമഗ്രമായ മുന്നേറ്റമുണ്ടാക്കി കരിവെള്ളൂരിന്റെ സ്വന്തം ബ്രാൻഡ് കുത്തരി ഉല്പാദനം, പച്ചക്കറിക്കൃഷി കൂലി ചെലവ് സബ്സിഡി, ജൈവകൃഷി പ്രോത്സാഹനം, കാർഷിക യന്ത്രവൽക്കരണം തുടങ്ങിയ പദ്ധതികളിലൂടെ തരിശുരഹിതഗ്രാമം എന്ന ലക്ഷ്യത്തിലേയ്ക്കുള്ള പദ്ധതികൾക്ക് മുൻഗണന നൽകുന്നു.

### 2. മാലിന്യമുക്ത ഗ്രാമം

നമ്മുടെ പഞ്ചായത്ത് മാലിന്യമുക്ത ഗ്രാമമായി പ്രഖ്യാപനം നടത്തിയിട്ടുള്ളതാണ്. എന്നാൽ തൽസ്ഥിതി നമുക്ക് തുടരേണ്ടതുണ്ട്. ഇതൊരു തുടർ പ്രവർത്തനമായതിനാൽ ഉറവിടമാലിന്യ സംസ്കരണത്തിനും ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾക്ക് ഊർജ്ജം നൽകുന്നതിന് ആവശ്യമായ പദ്ധതികൾക്കും ഊന്നൽ നൽകുന്നു.

### 3. ആരോഗ്യവും വിദ്യാഭ്യാസവും

ആരോഗ്യ കേന്ദ്രങ്ങളെ കൂടുതൽ ജനസൗഹൃദമാക്കുന്നതിനുള്ള പദ്ധതികളും,ജീവിതശൈലി രോഗങ്ങളിൽ നിന്നും മദ്യമയക്കുമരുന്ന് വ്യാപനത്തിൽ നിന്നും മുക്തമായ ആരോഗ്യപൂർണമായ ഒരു

സമൂഹത്തെ സൃഷ്ടിക്കുക എന്ന ലക്ഷ്യബോധത്തോടെയുള്ള പദ്ധതികളും, ഹൃദയാഘാതം, മസ്തിഷ്കഘാതം, കുഴഞ്ഞ് വീണ് മരണം എന്നിവ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പെട്ടെന്ന് പ്രഥമശുശ്രൂഷ നൽകി ജീവൻ രക്ഷിക്കുന്നതിന് സമൂഹത്തെ പ്രാപ്തരാക്കുന്നതിനുള്ള ട്രോമ കെയർ പരിശീലനം, സ്കൂളിൽ ഡിജിറ്റൽ വിദ്യാഭ്യാസത്തിനുള്ള പദ്ധതികൾ, പഞ്ചായത്തിലെ മുഴുവൻ കുടിവെള്ള കിണറുകളിലേയും ജല ഗുണമേന്മപരിശോധന എന്നീ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.

**4.അടിസ്ഥാന സൗകര്യ വികസനം**

റോഡുകളുടെ നവീകരണം, ഡ്രെനേജ്, തെരുവ് വിളക്കുകളുടെ പരിപാലനം എന്നിവ മുൻഗണനാ ക്രമത്തിൽ പൂർത്തിയാക്കുന്നതാണ്.

**5. ജലസമൃദ്ധി- ജല ബജറ്റിന്റെ തുടർച്ച**

കുണിയൻ പുഴയും മാണിയാട്ട് തോടും ഉൾപ്പെടുന്ന നമ്മുടെ ജലസ്രോതസ്സുകളെ സംരക്ഷിച്ചുകൊണ്ട് നാം ആവിഷ്കരിച്ച ജല ബജറ്റ് ഈവർഷം കൂടുതൽ കാര്യക്ഷമമാക്കും. വേനൽക്കാലത്തെ ജലക്ഷാമം പരിഹരിക്കുവാൻ മഴവെള്ള സംഭരണത്തിനും നീർച്ചാലുകളുടെ പുനരുജ്ജീവനത്തിനും ഈ ബജറ്റിൽ മുൻഗണന നൽകുന്നു.

2026-27 സാമ്പത്തിക വർഷത്തെ പ്രതീക്ഷിക്കുന്ന വരവുകളും പഞ്ചായത്തിന്റെ ദൈനംദിന നടത്തിപ്പിനും പൊതുവായ മേഖലാടിസ്ഥാനത്തിൽ ഉള്ളതുമായ ചുമതല നിർവഹണത്തിനും വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കും വേണ്ടിയുള്ള പ്രതീക്ഷിത ചെലവുകളും ഉൾക്കൊള്ളുന്നതാണ് ബജറ്റ്. വിഭവ സമാഹരണത്തിന്റെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തി കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകി സമൂഹത്തിന്റെ ഏറ്റവും പിന്നിലുള്ളവരെയും മുന്നിൽക്കണ്ട് മാതൃകാപരമായ വികസന പദ്ധതികളാണ് ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനോടകം നടന്ന ഗ്രാമസഭകളും വികസന സെമിനാറും 2026-27 വാർഷിക ബജറ്റിന് മാർഗനിർദേശങ്ങൾ നൽകിയിട്ടുണ്ട്.

**2026 27 വർഷത്തെ പ്രതീക്ഷിത വരവുകൾ**

1. പഞ്ചായത്തുകളുടെ പ്രധാന വരുമാന സ്രോതസ്സുകളിൽ ഒന്നാണ് വസ്തു നികുതി. 2026-27 വർഷം ഇതുവരെയായി 45,93,664/- രൂപ വസ്തു നികുതിയായി ലഭിച്ചിട്ടുണ്ട്. വർഷങ്ങളായി ജനങ്ങളുടെ സഹകരണത്തോടെ 100% നികുതി പിരിവ് നേട്ടം കൈവരിക്കുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. അനുമതി വാങ്ങാതെ കൂട്ടിയെടുത്ത കെട്ടിടങ്ങളുടെ നികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടുണ്ട് ആയത് പ്രാബല്യത്തിൽ വരുന്നതോടെ 2026-27 വർഷം 65,00,000/- രൂപ വസ്തു നികുതി ഇനത്തിൽ പ്രതീക്ഷിക്കുന്നു
2. **തൊഴിൽ നികുതി**

പഞ്ചായത്ത് പരിധിയിലുള്ള സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും വ്യാപാരികളിൽ നിന്നും വർഷത്തിൽ രണ്ടുതവണ ഈടാക്കുന്നു. 2026-27 വർഷം 22,00,000/- രൂപ വരവു പ്രതീക്ഷിക്കുന്നു

**3 ബിൽഡിംഗ് പെർമിറ്റ്, റെഗുലറൈസേഷൻ**

പുതിയ വീടുകളോ കെട്ടിടങ്ങളോ നിർമ്മിക്കുമ്പോൾ ഈടാക്കുന്ന ഫീസും റെഗുലറൈസേഷൻ ഫീസും കൂടി 2026-27 വർഷം 29,75,000/- രൂപ പ്രതീക്ഷിക്കുന്നു.

**4. ലൈസൻസ് ഫീസ്**

വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ഈടാക്കുന്ന ലൈസൻസ് ഫീസിൽ 2026-27 വർഷം 4,00,000/- രൂപ പ്രതീക്ഷിക്കുന്നു

**5. മറ്റു ഫീസുകൾ/ വില്പന വരവ്**

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്ക് ഫീസുകൾ ഈടാക്കാറുണ്ട്. രജിസ്ട്രേഷൻ ഫീസ്,സർട്ടിഫിക്കേഷൻ ഫീസ്, ഫൈൻ,ടെണ്ടർ ഫോം വില്പന തുടങ്ങിയവയിൽ 2026-27 വർഷം 10,15,000/-രൂപ പ്രതീക്ഷിക്കുന്നു.

**6.പദ്ധതിവിഹിതം.**

2026-27 വര്‍ഷം പദ്ധതി പ്രവര്‍ത്തനങ്ങള്‍ക്ക് വേണ്ടി സര്‍ക്കാരിന്റെ ബജറ്റില്‍ അനുവദിച്ച തുകയാണിത്.

വികസന ഫണ്ട് (സാധാരണ വിഹിതം) - 2,53,31,000

വികസന ഫണ്ട് (പ്രത്യേക ഘടക പദ്ധതി)- 27,75,000

മെയിന്റനന്‍സ് ഗ്രാന്‍റ് റോഡ് - 2,80,74,000

മെയിന്റനന്‍സ് ഗ്രാന്‍റ് നോണ്‍ റോഡ്- 7,29,1000

**7.മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.**

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുള്‍പ്പെടുത്തി എല്ലാ വാര്‍ഡുകളിലും മണ്ണ് ജല സംരക്ഷണ പ്രവര്‍ത്തനങ്ങളും തോടുകളുടെ പുനരുദ്ധാരണം,കുളം,കിണര്‍,സോക്ക് പിറ്റ് നിര്‍മ്മാണം ഭൂവികസന പ്രവര്‍ത്തനങ്ങള്‍,നേഴ്സറി,തൊഴുത്ത് നിര്‍മ്മാണം, ഡ്രെനേജ്, നടപ്പാതകള്‍ തുടങ്ങി നിയമ സാധുതയുള്ള എല്ലാ മേഖലകളിലും സാധ്യമാകുന്ന പ്രവൃത്തികള്‍ ചെയ്യുന്നതാണ്.ബജറ്റ് കാലയളവില്‍ 4,50,00,000/- രൂപയുടെ പ്രവര്‍ത്തികള്‍ നടപ്പിലാക്കുന്നതിന് സാധിക്കും എന്നും പ്രതീക്ഷിക്കുന്നു.

## ചെലവിനങ്ങള്‍

### I.ഉല്‍പാദന മേഖല

#### 1. കാര്‍ഷികം

ബഹുമാനപ്പെട്ട സഭാംഗങ്ങളെ, കരിവെള്ളൂരിന്റെ പോരാട്ട വീര്യത്തോളം തന്നെ പഴക്കമുണ്ട് ഈ മണ്ണിന്റെ കാര്‍ഷിക സംസ്കാരത്തിനും, കര്‍ഷകര്‍ നയിച്ച ഇതിഹാസിക സമരങ്ങളുടെ മണ്ണില്‍ കാര്‍ഷിക മേഖലയെ കേവലം ഒരു ഉപജീവനമായല്ല മറിച്ച് നമ്മുടെ ഗ്രാമത്തിന്റെ നട്ടെല്ലായാണ് നാം കാണുന്നത്. 2026-27 വര്‍ഷത്തില്‍ കാര്‍ഷിക മേഖലയിലെ ഒരു നിശബ്ദ വിപ്ലവമാണ് നാം ലക്ഷ്യമിടുന്നത്.പഞ്ചായത്തിലെ പാടശേഖരങ്ങളെ പൂര്‍ണമായും കൃഷിയോഗ്യമാക്കി., ഗ്രൂപ്പ് ഫാമിങ്ങിലൂടെ തരിശ് രഹിത പഞ്ചായത്ത്

എന്ന ലക്ഷ്യത്തിലേക്ക് വഴിയൊരുക്കുക എന്നതിലപ്പുറം കരിവെള്ളൂർ ബ്രാന്റ് കുത്തരി വിപണിയിലെത്തിക്കുക എന്നതും പ്രധാന ലക്ഷ്യമാണ്. നെൽകൃഷി വികസനം,തരിശുഭൂമി നെൽകൃഷി വികസനം,പാടശേഖരങ്ങൾക്ക് പയർ വിത്ത് വിതരണം,നല്ലമണ്ണ് - എല്ലായിടത്തും എല്ലായ്പോഴും പച്ചക്കറി കൃഷി വികസനം,പ്രാഥമിക വിള ആരോഗ്യ കേന്ദ്രം - മരുന്ന് വാങ്ങലും അനുബന്ധ പ്രവർത്തനങ്ങളും,തെങ്ങ് കൃഷി വികസനം, സമഗ്ര പച്ചക്കറി യജ്ഞം സ്ഥിരം പച്ചക്കറി കൃഷി,കാർഷികവിളകളിൽ പെട്ടെന്നുണ്ടാകുന്ന കീട രോഗങ്ങളുടെ വ്യാപന നിയന്ത്രണം,തെങ്ങ് കയറ്റ തൊഴിലാളികൾക്ക് പരിശീലനം, വിരിപ്പ് കന്നവയൽ പാടശേഖരത്തിന് റാമ്പ് എന്നീ പദ്ധതികൾക്കായി ബജറ്റിൽ 63,85,680/- രൂപ വകയിരുത്തുന്നു.

**2.മൃഗസംരക്ഷണവും ക്ഷീര വികസനവും**

നമ്മുടെ ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ല് ആയ ക്ഷീരകർഷകരെയും കന്നുകാലി വളർത്തുന്നവരെയും ചേർത്തുപിടിക്കേണ്ടത് ഈ ഭരണസമിതിയുടെ കടമയാണ്. മുട്ടയുടെയും പാലിന്റേയും ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ പദ്ധതികളാണ് ബജറ്റ് വർഷത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ക്ഷീരകർഷകർക്ക് പാലിന് അധിക വില നൽകല്,സമഗ്ര പേവിഷ നിയന്ത്രണ പദ്ധതി,ഗ്രാമപഞ്ചായത്ത് വെറ്റിനറി ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ,തെരുവ്നായ നിയന്ത്രണം എബിസി പദ്ധതി വിഹിതം നൽകൽ,തീറ്റപ്പുൽ കൃഷി വ്യാപന പദ്ധതി,കറവപശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി,ധാതുലവണ വിര മരുന്ന് പദ്ധതി,പ്രത്യേക കന്നുക്കുട്ടി പരിപാലനം,മുട്ടക്കോഴി വിതരണം,ക്ഷീരഗ്രാമം പദ്ധതി, എന്നീ പദ്ധതികൾക്കായി ബജറ്റിൽ 50,23,700/- രൂപ വകയിരുത്തുന്നു.

**3.ചെറുകിട വ്യവസായം**

നമ്മുടെ ഗ്രാമത്തിലെ തൊഴിലില്ലായ്മ പരിഹരിക്കുവാനും പ്രാദേശിക സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്താനും ചെറുകിട വ്യവസായങ്ങളുടെ വളർച്ച അനിവാര്യമാണ്. പഞ്ചായത്തിന്റെ തനത് വരുമാന വർദ്ധനവിനും ഇത്തരം വ്യവസായ സംരംഭങ്ങൾ അനിവാര്യമായി വന്നിരിക്കുകയാണ്. ഒരു വാർഡിൽ ഒരു ചെറുകിട സംരംഭം എന്ന ലക്ഷ്യത്തോടെ വ്യവസായ സൗഹൃദ പഞ്ചായത്തായി കരിവെള്ളൂർ-പെരളത്തെ മാറ്റാൻ നമുക്ക് സാധിക്കും. തൊഴിൽ അന്വേഷകരിൽ നിന്നും ദാതാക്കളിലേയ്ക്കുള്ള മാറ്റത്തിന് കരുത്ത് പകരാൻ ഈ വ്യവസായ സൗഹൃദ പദ്ധതികൾ സഹായിക്കുമെന്നും കരിവെള്ളൂരിനെ സംരംഭക ഗ്രാമമാക്കി മാറ്റുവാൻ കഴിയുമെന്നും ഞാൻ പ്രത്യാശിക്കുന്നു. സ്ത്രീ സൗഹൃദ ഗ്രാമ പഞ്ചായത്ത് -

വനിതകൾക്ക് വ്യക്തിഗത സ്വയം തൊഴിൽ സംരംഭം,സ്ത്രീ സൌഹൃദ ഗ്രാമ പഞ്ചായത്ത് - വനിത ഗ്രൂപ്പിന് സ്വയം തൊഴിൽ സംരംഭം എന്നീ പദ്ധതികൾക്കായി ബജറ്റിൽ 22,00,000/- രൂപ വകയിരുത്തുന്നു.

**4.ജലസംരക്ഷണം**

ജീവജലം നിലനിർത്തുക എന്നത് നമ്മുടെ വരും തലമുറയോടുള്ള ബാധ്യതയാണ്. വേനൽക്കാലത്തെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കാനും ഭൂഗർഭജലനിരപ്പ് ഉയർത്താനുമായി ജലസമൃദ്ധം കരിവെള്ളൂർ എന്ന ലക്ഷ്യത്തോടെ വിപുലമായ ജല സംരക്ഷണ പദ്ധതികൾ ഈ ബജറ്റിൽ വിഭാവനം ചെയ്യുന്നു. കരിവെള്ളൂർ മൂകാംബിക കാവ്, കാനം വിസിബി റിപ്പയർ,കണിയേരി അണക്കെട്ട് മുതൽ ഓടക്കാട് മുക്കൂട് വരെ തടയണ നിർമ്മാണം, വിവിധ തോടുകളിൽ വിസിബി , തടയണ നിർമ്മാണം, കിണർ, കുഴൽ കിണർ റീച്ചാർജ്, എന്നീ പദ്ധതികൾക്കായി ബജറ്റിൽ 42,68,762/- രൂപ വകയിരുത്തുന്നു.

**5.സേവന മേഖല**

ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിൽ ഭൗതിക വികസനത്തോടൊപ്പം തന്നെ സുപ്രധാനമാണ് സേവനമേഖലയിലെ മുന്നേറ്റവും. സുതാര്യവും വേഗത്തിലുള്ളതുമായ സേവനങ്ങൾ ഓരോ പൗരന്റെയും അവകാശമാണ്. ദാരിദ്ര്യ ലഘൂകരണ പദ്ധതികളുടെ തുടർ പ്രവർത്തനങ്ങളും വൃദ്ധ ഭിന്നശേഷി ശിശു വനിതാ ക്ഷേമത്തിനും ഏറെ പ്രാധാന്യം ഈ ബജറ്റ് നൽകിയിട്ടുണ്ട്.

**6. ഭവന നിർമ്മാണം**

സമ്പൂർണ്ണ പാർപ്പിടസുരക്ഷ ഉറപ്പാക്കുക എന്നത് നമ്മുടെ വികസന അജണ്ടയിലെ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്. "ശിരസ്സിനൊരു കൂര" എന്നത് കേവലം വാഗ്ദാനം അല്ല മറിച്ച് ഓരോ പൗരന്റെയും അവകാശമായി കണ്ട് ഈ പഞ്ചായത്തിനെ ഭവനരഹിതർ ഇല്ലാത്ത പഞ്ചായത്തായി മാറ്റാൻ നാം പ്രതിജ്ഞാബദ്ധരാണ്. ലൈഫ് മിഷൻ പദ്ധതിയിലൂടെ ഭൂമിയുള്ള ഭവനരഹിതർക്കും, ഭൂമിയുള്ള ഭവന രഹിതർക്കും ഭൂമിയില്ലാത്ത ഭവനരഹിതർക്കും വീട് നൽകുന്ന പ്രക്രിയ വേഗത്തിലാക്കുവാൻ പഞ്ചായത്ത് വിഹിതം കൃത്യമായി നീക്കി വെച്ചിട്ടുണ്ട്. ഭവന പുനരുദ്ധാരണം ജനറൽ,പിഎംഎവൈ ജി പദ്ധതി പഞ്ചായത്ത് വിഹിതം,അഗതിരഹിത കേരളം - ആശ്രയ ഭവന പുനരുദ്ധാരണം,ലൈഫ് ഭവന പദ്ധതി 2020 (ജനറൽ), ഈസി കിച്ചൺ എന്നീ പദ്ധതികൾക്കായി ബജറ്റിൽ 85,15,000/- രൂപ വകയിരുത്തുന്നു.

## 7.ആരോഗ്യം

ആരോഗ്യമുള്ള ജനതയാണ് നാടിന്റെ ഐശ്വര്യം ചികിത്സയെക്കാൾ പ്രതിരോധത്തിന് ഊന്നൽ നൽകിക്കൊണ്ട് എല്ലാവർക്കും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ സൗജന്യമായി ലഭ്യമാക്കുക അതുവഴി ഒരു ആരോഗ്യ പൂർണ്ണ കരിവെള്ളൂർ സൃഷ്ടിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. സ്വാന്തന പരിചരണം, വൃക്ക രോഗികൾക്ക് മരുന്ന് നൽകൽ, കാൻസർ രോഗികൾക്ക് മരുന്ന് നൽകൽ, മെൻസ്ട്രുവൽ കപ്പ്, കണ്ണൂർ ഫൈറ്റ് കാൻസർ, ട്രോമ കെയർ പരിശീലനം എന്നീ പദ്ധതികൾക്കായി 18,25,000/- രൂപ വകയിരുത്തുന്നു.

## 8.വനിത ശിശു ഭിന്നശേഷി വിഭാഗം

സാമൂഹികമായി പാർശ്വവൽക്കരിക്കപ്പെട്ടവർക്കും കരുതൽ ആവശ്യമുള്ളവർക്കും തുല്യനീതി ഉറപ്പാക്കുന്ന ഒരു വികസന മാതൃകയാണ് നാം വിഭാവനം ചെയ്യുന്നത് സ്ത്രീകളുടെ അന്തസ്സും കുട്ടികളുടെ വളർച്ചയും ഭിന്നശേഷിക്കാരുടെ പുനരധിവാസവും ഈ ബജറ്റിന്റെ മുഖമുദ്രയായിരിക്കും. ബഡ്സ് സ്കൂൾ പ്രവർത്തനങ്ങള്,അംഗനവാടിപോഷകാഹാര വിതരണം,ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്,ഭിന്നശേഷി കലാമേള,അംഗനവാടി കലോത്സവം,കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർക്ക് ഓണറേറിയം നൽകല്,അംഗനവാടികൾക്കും ശിശുമന്ദിരത്തിലും ഫർണിച്ചര് വാങ്ങല്, ബഡ്സ് സ്കൂൾ നവീകരണം, അങ്കണവാടികൾക്ക് ഗ്യാസ് അടുപ്പ്, സ്ത്രീകൾക്ക് ഹോം നേഴ്സിംഗ് പരിശീലനം,വിവിധ അങ്കണവാടികളുടെ അറ്റകുറ്റപണികൾ എന്നീ പദ്ധതികൾക്കായി ബജറ്റിൽ 1,13,81,500/- രൂപ വകയിരുത്തുന്നു.അങ്കണവാടികളെ അടിസ്ഥാനപ്പെടുത്തി വനിതകൾക്ക് ഓപ്പൺ ജിം.

## 9.വയോജനക്ഷേമം

നമ്മുടെ നാടിനെ ഇന്നത്തെ നിലയിൽ കെട്ടിപ്പടുത്ത മുൻ തലമുറയോടുള്ള ആദരവും കരുതലും ഈ ഭരണസമിതിയുടെ ഉത്തരവാദിത്തമാണ്. വയോജനങ്ങൾക്ക് സുരക്ഷിതത്വവും സന്തോഷവും ആരോഗ്യവും ഉറപ്പാക്കുന്ന വയോജന സൗഹൃദ പഞ്ചായത്തായി മാറ്റുന്നതിനുള്ള പദ്ധതികൾ ഈ ബജറ്റ് ലക്ഷ്യമിടുന്നു. വാർദ്ധക്യം ഒരു ഭാരമല്ല മറിച്ച് അനുഭവങ്ങളുടെ കരുത്താണെന്ന് ബോധ്യപ്പെടുത്തുന്ന

പദ്ധതികളുമായി നാം മുന്നോട്ട് പോകും. വയോജന സംഗമം,വയോജന വിശ്രമ കേന്ദ്രങ്ങളുടെ അടിസ്ഥാന സൌകര്യ വിപുലീകരണം, വയോജനങ്ങൾക്ക് സഹായോപകരണങ്ങൾ, സായംപ്രഭ ഹോം പദ്ധതി, വയോജന ഹാപ്പിനസ് പാർക്ക് എന്നീ പദ്ധതികൾക്കായി ബജറ്റിൽ 12,78,700/- രൂപ വകയിരുത്തുന്നു.

**10.വിദ്യാഭ്യാസം**

അറിവാണ് കരുത്ത്. നമ്മുടെ കുഞ്ഞുങ്ങൾക്ക് ലോകോത്തര നിലവാരമുള്ള വിദ്യാഭ്യാസം ഗ്രാമത്തിൽ തന്നെ ലഭ്യമാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. കേവലം പാഠപുസ്തക പഠനത്തിനപ്പുറം സാങ്കേതികവിദ്യയിലും കലാകായികരംഗങ്ങളിലും നമ്മുടെ കുട്ടികളെ പ്രാപ്തരാക്കുന്ന ഒരു വിജ്ഞാന ഗ്രാമമായി കരിവെള്ളൂർ-പെരളത്തെ മാറ്റാൻ നമുക്ക് കഴിയണം. പത്താമുദയം,ഗവ സ്ക്കൂളുകൾക്ക് കണ്ടിജൻസി ചെലവ്, വിദ്യാലയങ്ങളിൽ വായനാ കോർണർ,വായനശാലകൾക്ക് ഫർണീച്ചർ വാങ്ങൽ,കുട്ടികൾക്ക് കായിക പരിശീലനം,കുട്ടികൾക്ക് നീന്തൽ പരിശീലനം,ഗെയിം ഫെസ്റ്റ്,സ്മൈൽ പ്ലസ്സ് പദ്ധതി,ഇംഗ്ളീഷ് ഫെസ്റ്റ്,പ്രീപ്രൈമറി കലോത്സവം, എസ് എസ് കെ വിഹിതം നല്കൽ, വനിതകൾക്ക് സൌജന്യ പിഎസ് സി പരിശീലനം എന്നീ പദ്ധതികൾക്കായി ബജറ്റിൽ 16,55,000/- രൂപ വകയിരുത്തുന്നു.

**11. സാമൂഹ്യ സുരക്ഷാ പെൻഷൻ**

കേന്ദ്ര സംസ്ഥാന സർക്കാറുകൾ നൽകുന്ന ക്ഷേമപെൻഷൻ അർഹരായവർക്ക് ലഭ്യമാക്കുന്നതിന് പഞ്ചായത്ത് പ്രതിജ്ഞാബദ്ധമാണ്. വാർദ്ധക്യവും അവശതയും ഒരു പൌരന്റെയും ജീവിതത്തെ തളർത്തരുത്. അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും കൃത്യസമയത്ത് പെൻഷൻ എത്തിക്കുന്നതിനും ആരും ഈ പട്ടികയിൽ നിന്ന് പുറത്താകാതിരിക്കാനും ജാഗ്രതയോടെയുള്ള ഇടപെടൽ ഈ ബജറ്റ് ഉറപ്പുവരുത്തുന്നു.

**12.പട്ടികജാതി ക്ഷേമം**

സാമൂഹികമായി പിന്നോക്കം നിൽക്കുന്ന സഹോദരങ്ങളെ മുഖ്യധാരയിലേക്ക് ഉയർത്തുക എന്നത് നമ്മുടെ ഭരണഘടനാപരമായ ബാധ്യതയാണ്. പട്ടികജാതി വികസന ഫണ്ടുകൾ 100% ഫലപ്രദമായി വിനിയോഗിച്ചുകൊണ്ട് അവരുടെ ഭൗതികവും വിദ്യാഭ്യാസപരവുമായ പുരോഗതിക്ക് ഈ ബജറ്റ് മുൻഗണന നൽകുന്നു.

പട്ടികജാതി വിഭാഗത്തിൽപെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം,ഉന്നതപഠനം നടത്തുന്ന പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ധനസഹായം,ബിരുദ ബിരുദാനന്തര ഡിപ്ലോമ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്, എസ് സി, മിശ്ര വിവാഹിതർക്ക് വിവാഹ ധനസഹായം,പട്ടികജാതി നഗറിൽ ശുചിത്വ പ്രവർത്തനങ്ങൾ-കമ്മ്യൂണിറ്റി സോക്ക് പിറ്റ് സ്ഥാപിക്കൽ,പള്ളിക്കുളം മരത്തക്കാട് നഗർ റോഡ് ടാറിംഗ്,എൻ എച്ച് പാലക്കുന്ന് നഗർ റോഡ് ടാറിംഗ് എന്നീ പദ്ധതികൾക്കായി ബജറ്റിൽ 27,75,000/- രൂപ വകയിരുത്തുന്നു.

## 13. മാലിന്യമുക്ത ഗ്രാമം

ശുചിത്വമാണ് ഏറ്റവും വലിയ സേവനം. നമ്മുടെ മണ്ണും ജലവും വായുവും മലിനമാകാതെ വരും തലമുറയ്ക്ക് കൈമാറുക എന്നത് നമ്മുടെ കടമയാണ് വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവമാലിന്യങ്ങൾ ശേഖരിക്കുന്ന ഹരിതകർമസേനയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനും അവർക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾക്കും വാഹന സൗകര്യത്തിനുമായി രൂപ വകയിരുത്തുന്നു. മാലിന്യമില്ലാത്ത കരിവെള്ളൂർ എന്നത് കേവലം ഒരു മുദ്രാവാക്യമല്ല മറിച്ച് ഓരോ പൗരന്റെയും ജീവിതശൈലിയായി മാറ്റാൻ ജനകീയ പങ്കാളിത്തത്തോടെ നാം മുന്നിട്ടിറങ്ങും. സ്മാർട്ട് ഐ - അഞ്ചാം ഘട്ടം- പൊതു ഇടങ്ങളില് ക്യാമറ സ്ഥാപിക്കല്,ഡബിൾ ചേമ്പർ ഇൻസിനേറ്റർ - ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകല്,വീടുകൾക്ക് റിംഗ് കമ്പോസ്റ്റ്,പൊതു ഇടങ്ങളിൽ വേസ്റ്റ് ബിന് സ്ഥാപിക്കല്,ഹരിത കർമ്മസേനക്ക് അനുബന്ധ സൌകര്യം ഒരുക്കൽ,എം സി എഫിൽ മാലിന്യം നീക്കംചെയ്യുന്നതിന് ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ, മിനി എംസിഎഫ്, ക്ലീൻ കരിവെള്ളൂർ എന്നീ പദ്ധതികൾക്കായി ബജറ്റിൽ 36,63,900/- രൂപ വകയിരുത്തുന്നു.

## 14.പശ്ചാത്തല മേഖല

നാടിന്റെ സമഗ്ര പുരോഗതിയുടെ അടിസ്ഥാനം കരുത്തുറ്റ പശ്ചാത്തല സൗകര്യങ്ങളാണ്. മികച്ച റോഡുകൾ, സുരക്ഷിതമായ പാലങ്ങൾ, എല്ലാവർക്കും ശുദ്ധജലം, തടസ്സമില്ലാത്ത വൈദ്യുതി എന്നിവ ഉറപ്പാക്കിക്കൊണ്ട് കരിവെള്ളൂർ-പെരളത്തെ ഒരു ആധുനിക ഗ്രാമമാക്കി മാറ്റാൻ നമുക്ക് സാധിക്കും. പശ്ചാത്തല വികസനം എന്നത് കേവലം

കോൺക്രീറ്റ് നിർമാണമല്ല മറിച്ച് ജനങ്ങളുടെ ജീവിതസൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള കരുതലാണ്. വിവിധ റോഡ് പ്രവർത്തനങ്ങൾക്കും വൈദ്യുതീകരണത്തിനും മറ്റ് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണത്തിനും സേവന സൗകര്യം വര്ധിപ്പിക്കുന്നതിനുമായി ആകെ 2,81,32,000/- രൂപ ബജറ്റിൽ വകയിരുത്തുന്നു.

## ഉപസംഹാരം

ബഹുമാനപ്പെട്ട അംഗങ്ങളെ,

ഈ ബജറ്റ് വെറുമൊരു വരവ്-ചെലവ് കണക്കുപുസ്തകമല്ല, മറിച്ച് കരിവെള്ളൂർ-പെരളത്തിന്റെ വരുംകാല വികസനത്തിനായുള്ള വ്യക്തമായ ഒരു രൂപരേഖയാണ്. കാർഷിക സമൃദ്ധിയും, വ്യവസായ മുന്നേറ്റവും, സാമൂഹിക സുരക്ഷയും ഒരുപോലെ ലക്ഷ്യമിടുന്ന ഈ വികസനരേഖ പ്രാവർത്തികമാക്കാൻ എവരുടെയും സഹകരണം ഞാൻ അഭ്യർത്ഥിക്കുന്നു.നമ്മുടെ നാടിന്റെ പാരമ്പര്യവും തനിമയും കാത്തുസൂക്ഷിച്ചുകൊണ്ട്, ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ഓരോ പൗരന്റെയും ജീവിതനിലവാരം ഉയർത്തുക എന്നതാണ് നമ്മുടെ പ്രാഥമിക ലക്ഷ്യം. ദാരിദ്ര്യനിർമ്മാർജ്ജനത്തിലും, സ്ത്രീ ശാക്തീകരണത്തിലും, ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലും നാം വിഭാവനം ചെയ്ത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ഈ ഭരണസമിതി പ്രതിജ്ഞാബദ്ധമാണ്.വികസനത്തിന്റെ ഫലം സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ളവരിലേക്ക് കൂടി എത്തിച്ചേരുമ്പോഴാണ് നമ്മുടെ ജനാധിപത്യം അർത്ഥപൂർണ്ണമാകുന്നത്. കക്ഷിരാഷ്ട്രീയത്തിന് അതീതമായി, എല്ലാവരെയും ഒന്നിച്ച് നിർത്തിക്കൊണ്ട് ഈ 'ജനകീയ ബജറ്റ്' ഞാൻ അവതരിപ്പിക്കുന്നു. വരും തലമുറയ്ക്ക് അഭിമാനത്തോടെ ജീവിക്കാൻ കഴിയുന്ന ഒരു മികച്ച ഗ്രാമമായി കരിവെള്ളൂർ-പെരളത്തെ മാറ്റാം എന്ന പ്രത്യാശയോടെ, ഈ ബജറ്റ് ഞാൻ സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

നന്ദി, നമസ്കാരം.

കരിവെള്ളൂർ

27/02/2026

സുധാമണി ആർ കെ
വൈസ് പ്രസിഡണ്ട്
കരിവെള്ളൂർ-പെരളം ഗ്രാമ പഞ്ചായത്ത്

## വാർഷിക ബജറ്റ് 2026-27 സംഗ്രഹം

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| I പ്രതീക്ഷിത വരവുകൾ | | |
| A | പ്രാരംഭ ബാക്കി | 35923394 |
| നികുതി വരുമാനം/നികുതിയേതര വരുമാനം | | |
| 1 | വസ്തുനികുതി | 6500000 |
| 2 | തൊഴിൽ നികുതി | 2200000 |
| 3 | പെർമിറ്റ് ഫീസ് | 2975000 |
| 4 | ലൈസൻസ് | 400000 |
| 5 | മറ്റു ഫീസുകൾ/ വില്പന വരവ് | 1015000 |
| 6 | ബാങ്ക് പലിശ | 725000 |
| B | ആകെ | 13815000 |
| C | ജനറൽ പർപ്പസ് ഗ്രാൻറ് | 17949000 |
| പദ്ധതി വിഹിതം | | |
| 1 | വികസന ഫണ്ട് ജനറൽ | 25331000 |
| 2 | പ്രത്യേക ഘടക പദ്ധതി | 2775000 |
| 3 | ധനകാര്യ കമ്മീഷൻ ഗ്രാൻറ് | 8018500 |
| 4 | മെയിന്റനൻസ് റോഡിതരം | 7291000 |
| 5 | മെയിന്റനൻസ് റോഡ് | 28074000 |
| 6 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 45000000 |
| 7 | സാമൂഹിക സുരക്ഷാ പെൻഷൻ | 104250000 |
| 8 | കേന്ദ്രാവിഷ്കൃത ഫണ്ട് | 1500000 |
| 9 | സംസ്ഥാന വിഹിതം | 5360000 |

| | | |
|---|---|---|
| 10 | ജില്ലാ പഞ്ചായത്ത് വിഹിതം | 9559350 |
| 11 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 5896950 |
| 12 | ഗുണഭോക്തൃ വിഹിതം | 203490 |
| 13 | ലോൺ | 600000 |
| D | ആകെ | 243859290 |
| E | വരവ്(B+C+D) | 275623290 |
| F | ആകെ വരവ് (A+E) | 311546684 |
| II പ്രതീക്ഷിത ചെലവുകൾ | | |
| | പദ്ധതിയേതര ചെലവുകൾ | |
| 1 | എസ്റ്റാബ്ലിഷ്മെന്റ് | 26384500 |
| 2 | ഭരണ ചെലവുകൾ | 2525000 |
| 3 | മെയ്ന്റനൻസ് | 2385000 |
| G | ആകെ | 31294500 |
| H | സാമൂഹ്യ സുരക്ഷാ പെൻഷൻ | 104250000 |
| I | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 45000000 |
| J | ഉല്പാദന മേഖല | 18532110 |
| K | സേവന മേഖല | 32300730 |
| L | പശ്ചാത്തല മേഖല(റോഡ്,കെട്ടിടം,തെരുവ് വിളക്ക്) | 28132000 |
| M | പട്ടികജാതി വികസനം | 2775000 |
| N | സിഎഫ് സി,മറ്റ് ഗ്രാന്റുകൾ ചെലവുകൾ | 39869450 |
| O | ആകെ ചെലവ്(G+H+I+J+K+L+M+N) | 302153790 |
| P | നീക്കിയിരിപ്പ് | 9392894 |

## സംഗ്രഹം

| | |
|---|---|
| പ്രാരംഭ ബാക്കി | **35923394** |
| 26-27 ലെ വരവ് | **275623290** |
| ആകെ വരവ് | **311546684** |
| 26-27 ലെ ആകെ ചെലവ് | **302153790** |
| നീക്കിയിരിപ്പ് | **9392894** |